പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 92

08.02.2013 ൽ മറുപടിക്ക്

## സബ്സിഡി നിരക്കിലുള്ള പാചക വാതക സിലിണ്ടറുകൾ

**ചോദ്യം**

ശ്രീ. എ.എ. അസീസ്

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും, സിവിൽ സപ്ലൈസും
ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ നിലവിൽ എത്ര പാചക വാതക സിലിണ്ടറുകളാണ് നല്കുന്നത്. | (എ) | ഗാർഹിക ഉപഭോക്താക്കൾക്ക് 14.09.2012 മുതൽ 31.3.2013 വരെ 3 മുതൽ 5 പാചക വാതക സിലിണ്ടറുകളും 01.04.2013 മുതൽ വർഷത്തിൽ 6 മുതൽ 9 പാചക വാതക സിലിണ്ടറുകളുമാണ് സബ്സിഡി നിരക്കിൽ നല്കുന്നത്. |
| (ബി) | സബ്സിഡി നിരക്കിലുള്ള സിലിണ്ടറുകൾ ഉപഭോക്താക്കൾക്ക് നൽകാതെ എണ്ണം പെരുപ്പിച്ച് കാണിച്ച് ഉപഭോക്താക്കളിൽ നിന്നും, സബ്സിഡി ഇല്ലാത്ത സിലിണ്ടറിനുള്ള തുക ഗ്യാസ് ഏജൻസികൾ ഈടാക്കുന്നത് വ്യാപകമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | (ബി) | ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഗ്യാസ് സിലിണ്ടറുകൾക്ക് കൃത്യമായ രസീത് നല്കാത്ത ഏജൻസികൾക്കെതിരെ നടപടി സ്വീകരിക്കുമോ; | (സി) | ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഏജൻസിക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | വീടുകളിൽ എത്തിക്കുന്നതിന് സിലിണ്ടറിനേക്കാൾ കൂടിയ തുക കൈപ്പറ്റുന്ന ഏജൻസികൾക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ഡി) | ഇത്തരം പരാതികൾ ലഭിച്ചാൽ പ്രസ്തുത ഏജൻസിക്കെതിരെ 2000 ലെ എൽ.പി.ജി. (രജിസ്ട്രേഷൻ & സപ്ലൈ) ഉത്തരവു പ്രകാരം സർക്കാരിനും ഡിസ്ട്രിബ്യൂട്ടർഷിപ്പ് എഗ്രിമെന്റ് ക്ലോസുകളും മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ്ലൈൻസും പ്രകാരം എണ്ണക്കമ്പനികൾക്കും നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ